# പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1380 07.06.2018ൽ മറുപടി നൽകേണ്ടത്.

### വൈകല്യം ഉള്ള വിദ്യാർത്ഥികൾക്ക് അനുവദിക്കുന്ന ആനുകൂല്യം

| ചോദ്യം | | | ഉത്തരം |
|---|---|---|---|
| ശ്രീ.അനിൽ അക്കര | | | പ്രൊഫ. സി. രവീന്ദ്രനാഥ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) | എസ്.എസ്.എൽ.സി പരീക്ഷ എഴുതുന്ന ശാരീരികമോ മാനസികമോ ആയ വൈകല്യം ഉള്ള വിദ്യാർത്ഥികൾക്ക് അനുവദിക്കുന്ന ആനുകൂല്യം വ്യാപകമായി ദുരുപയോഗപ്പെടുത്തുന്നതായ ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ)<br>&<br>(ബി) | ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഭിന്നശേഷിക്കാരായ കുട്ടികൾക്കുള്ള പരീക്ഷാനുകൂല്യത്തിന്റെ ദുരുപയോഗം തടയുന്നതിനായി ചുവടെപറയുന്ന നിർദ്ദേശങ്ങൾ ഉൾപ്പെടുത്തിക്കൊണ്ട് 15.05.2018-ലെ സ.ഉ.(കൈ) 63/2018/പൊ.വി.വ നമ്പർ പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.<br><br>1. അദ്ധ്യാപകരുടേയും റിസോഴ്സ് അദ്ധ്യാപകരുടേയും നിരീക്ഷണ ഫലമായി വൈകല്യം കണ്ടെത്തിയ, നിലവിൽ പഠിച്ചുകൊണ്ടിരിക്കുന്ന കുട്ടികളുടേയും പുതുതായി പ്രവേശനം തേടിയ കുട്ടികളിൽ വൈകല്യമുള്ളവരുടേയും അന്തിമ ലിസ്റ്റ് ഒന്നാം പാദ വാർഷിക പരീക്ഷയ്ക്ക് മുമ്പേ തന്നെ ഓരോ സ്കൂളുകളിലും തയ്യാറാക്കി പ്രസിദ്ധീകരിക്കേണ്ടതാണ്.<br><br>2. മെഡിക്കൽ ബോർഡ് സർട്ടിഫൈ ചെയ്ത ഇത്തരം കുട്ടികൾക്കാവശ്യമായ, പരീക്ഷ എഴുതുന്നതിനടക്കമുള്ള, എല്ലാവിധ സഹായങ്ങളും യഥാസമയം നൽകുന്നുണ്ട് എന്ന് പ്രധാനാദ്ധ്യാപകർ ഉറപ്പുവരുത്തേണ്ടതാണ്.<br><br>3.ഒന്നാം പാദ വാർഷിക പരീക്ഷയ്ക്ക് മുമ്പേ തന്നെ, 10-ാം ക്ലാസ്സിൽ 2019 മാർച്ച് പരീക്ഷയിൽ സഹായം ആവശ്യമുള്ള മുഴുവൻ കുട്ടികളുടേയും അന്തിമ ലിസ്റ്റ് പ്രസിദ്ധീകരിക്കേണ്ടതാണ്. |
| (ബി) | എങ്കിൽ പ്രസ്തുത ആനുകൂല്യത്തിന്റെ ദുരുപയോഗം തടയുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശം നൽകുമോ? | | |

സെക്ഷൻ ഓഫീസർ